(ബി) തിരുവണ്ണൂർ കോട്ടൺ മില്ലിന്റെ പ്രവർത്തനം തുടർന്നു നടത്തുന്നതിനാവശ്യമായ നടപടികൾ കേരള വ്യവസായ വികസന കോർപ്പറേഷൻ ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

പഞ്ചായത്തു് തെരഞ്ഞെടുപ്പു്

* 204 [727] ശ്രീ. പി. കെ. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്കു് പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി സദയം മറുപടിനൽകുമോ:

(എ) പഞ്ചായത്തു തെരഞ്ഞെടുപ്പു് എന്നത്തേക്കു് നടത്താനാണു് ഉദ്ദേശിക്കുന്നതെന്നു് വ്യക്തമാക്കാമോ;

(ബി) തെരഞ്ഞെടുപ്പു് സംബന്ധിച്ചു് മുൻകൂട്ടി ചെയ്യേണ്ടതീർക്കേണ്ട പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ഉത്തരവുകൾ നൽകി കഴിഞ്ഞുവോ?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) 1969–ാമാണ്ടു് ഡിസംബർ മാസത്തിൽ.

(ബി) നൽകിക്കഴിഞ്ഞു.

മത്സ്യബന്ധനക്കാർക്കു് ഗവണ്മെന്റു് ആനുകൂല്യങ്ങൾ

* 205 [728] ശ്രീ. ജെ. കുമാലിയാസു് മൊറായിസു്: താഴെക്കാണുന്ന ചോദ്യങ്ങൾക്കു് പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനക്കാർക്കു് ഗവണ്മെന്റു് ആനുകൂല്യങ്ങൾ നൽകുന്നതു് സഹകരണസംഘങ്ങൾ വഴി മാത്രമാണോ;

(ബി) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം 1969 മാച്ചു് അവസാനം വരെ എത്ര മത്സ്യോല്പാദക സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്;

(സി) മേൽപ്പറഞ്ഞ തീയിതിക്കുള്ളിൽ രജിസ്റ്റർ ചെയ്ത എല്ലാ സഹകരണ സംഘങ്ങൾക്കും യന്ത്രവൽകൃത ബോട്ടുകൾ കൊടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെല്ലാം;

(ഇ) രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള ലിസ്റ്റു് മേശപ്പുറത്തു വയ്ക്കുമോ?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) അല്ല.

(ബി) 313 മത്സ്യോല്പാദക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(സി) ഇല്ല.

(ഡി) സംഘങ്ങൾ രജിസ്റ്റർ ചെയ്താൽ ഉടനെ തന്നെ ബോട്ടുവിതരണം സാദ്ധ്യമാവുകയില്ല. സംഘങ്ങളിൽ നിന്നുള്ള അപേക്ഷകൾ റീജിയണൽ കമ്മറ്റി പരിശോധിച്ചു് ബോട്ടു നൽകാൻ ശുപാർശചെയ്യുമ്പോൾ മാത്രമേ ബോട്ടു വിതരണം നടത്തുകയുള്ളൂ. ആകെ നൽകുന്നതിനുള്ള ബോട്ടുകളുടെ എണ്ണവും മുൻപു് ബോട്ടുകൾ ലഭിച്ചിട്ടില്ലാത്ത സംഘങ്ങളുടെ അർഹതയും മറ്റും കണക്കിലെടുത്താണു് റീജിയണൽ കമ്മറ്റി ശുപാർശ ചെയ്യുന്നതു്. അങ്ങനെ ശുപാർശ കിട്ടുന്നതിനു കുറച്ചു് മാസങ്ങൾ തന്നെ പിടിക്കും. സംഘടിപ്പിക്കുന്ന സംഘ

LIBRARY ARCHIVES Kerala Legislative Assembly